**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>അംബേദ്കർ ഭവന്റെ പ്രവർത്തനം</u>

4153 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഭവന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പട്ടികജാതി ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗം

4154 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷത്തെ ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു; ഓരോ പദ്ധതിയും, ഹെഡ്ഡും, ബജറ്റ് വിഹിതവും, ചെലവഴിച്ച തുകയും അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 2013 ജനുവരി വരെയും 2013 ഫെബ്രുവരി വരെയും ചെലവഴിച്ച തുകയുടെ ശതമാനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; പദ്ധതിയും, ഹെഡ്ഡും, ചെലവഴിച്ച തുകയും അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം പദ്ധതി തുകകൾ ചെലവഴിക്കാൻ കഴിയാതെ മാറി വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ ഫെഡറേഷന്‍ ഫണ്ടുകള്‍ വക മാറ്റി ചെലവഴിച്ചത് സംബന്ധിച്ച്</u>

4155 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പട്ടികജാതി പട്ടിക വര്‍ഗ്ഗ സഹകരണ ഫെഡറേഷനില്‍ ഫണ്ടുകള്‍ വകമാറ്റി ചെലവഴിച്ച വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ബഹു: ഹൈക്കോടതിയില്‍ ആരെങ്കിലും ഹര്‍ജി നല്‍കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ ഗവണ്‍മെന്റ് ഈ കാര്യത്തില്‍ കോടതിയില്‍ സത്യവാങ്മൂലം സമര്‍പ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇങ്ങനെ ഫണ്ടുകള്‍ വകമാറ്റി ചെലവഴിച്ച ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടികള്‍ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

2013 ലെ പട്ടികവിഭാഗ വികസന ഗൈഡ്

4156 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ലെ പട്ടികവിഭാഗ വികസന ഗൈഡ് എത്ര കോപ്പി ഏത് പ്രസ്സിൽ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ വിതരണം എങ്ങനെയാണ് നടത്തിയതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ പട്ടികജാതി കുടുംബങ്ങളുടെ കണക്ക്</u>

4157 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട്; വിശദാംശം നൽകുമോ;

(സി) പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ 2011-2012 സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

T-4158 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് എത്ര സമയത്തിനകം നല്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രസ്തുത സമുദായ അംഗങ്ങൾക്ക് സീറ്റ് സംവരണം ഉള്ളതായി അറിയാമോ; ഇല്ലെങ്കിൽ സീറ്റ് സംവരണം ലഭിക്കുന്നതിനുവേണ്ടി നടപടി കൈക്കൊള്ളുമോ;

(സി) ഋഷി പഞ്ചമി, വിശ്വകർമ്മ ദിനം എന്നീ ദിനങ്ങൾ പൊതു അവധിയായോ, നിയന്ത്രിത അവധിയായോ പ്രഖ്യാപിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ശങ്കരൻ കമ്മീഷന്റെ പ്രവർത്തനം

4159 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെയും, ഓഫീസും, വാഹനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) എ.പി.എൽ - ബി.പി.എൽ വ്യത്യാസമില്ലാതെ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് പെൻഷൻ നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വിശ്വകർമ്മ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള കമ്മീഷൻ</u>

4160 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വിശ്വകർമ്മ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

'വിജ്ഞാൻ വാടി' പദ്ധതി

4161 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വിജ്ഞാൻ വാടി' പദ്ധതിക്കായി കഴിഞ്ഞ ബജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വിജ്ഞാൻ വാടികൾ സ്ഥാപിച്ചത്; ഓരോ കേന്ദ്രത്തിലും ഇതോടനുബന്ധിച്ച് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്;

(സി) ഓരോ വിജ്ഞാൻ വാടിയും സജ്ജീകരിക്കാൻ ശരാശരി എത്ര തുകയാണ് ചെലവഴിച്ചത്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ</u>

4162 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; ഇതിലേക്കായി എത്ര രൂപ വകയിരുത്തി; ആയതിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി ക്ഷേമത്തിനായുള്ള 2012-13 വർഷത്തെ പ്ലാൻ ഫണ്ടിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മോഡൽ കോളനികൾ</u>

4163 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളാണ് മോഡൽ കോളനികളായി പ്രഖ്യാപിച്ചിട്ടുള്ളതെന്നും, ഈ കോളനികളിൽ എന്തൊക്കെ പശ്ചാത്തലവികസനങ്ങളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പാറയം കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

4164 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാടുകുറ്റി പഞ്ചായത്തിലെ പാറയം കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ:

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറയം കോളനിയിൽ നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>

4165

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായുള്ള സ്വയം പര്യാപ്തഗ്രാമ പദ്ധതിയിൽ ഓരോ മണ്ഡലത്തിലേയും ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭാ സാമാജികരുമായി ആലോചിച്ചിരുന്നുവോ;

(ബി) ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ഇവയ്ക്കായുള്ള തുക വിനിയോഗിക്കുന്നത്;

(സി) ഇതു പൂർണ്ണമായും സംസ്ഥാന പദ്ധതിയിലാണോ; കേന്ദ്രവിഹിതമുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഡി) എത്ര തുകയാണ് സംസ്ഥാന വിഹിതമായി നീക്കിവച്ചിട്ടുള്ളത്;

(ഇ) ഒരു ഗ്രാമത്തിൽ എത്ര തുകയാണ് ചെലവിടുന്നത്;

(എഫ്) പദ്ധതി നടത്തിപ്പിൽ ത്രിതല പഞ്ചായത്തുകൾക്ക് എന്ത് സ്ഥാനമാണ് നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

4166 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന മറ്റു പിന്നോക്ക വിഭാഗക്കാർക്ക് വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വിതരണം ചെയ്ത തുക ഓരോ വിഭാഗത്തിനും എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്

4167 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട എൽ.പി.,യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ ക്ലാസ്സുകളിലെ ഒ.ബി.സി., മൈനോരിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഒ.ബി.സി., മൈനോരിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് തുല്യമായ തുക പട്ടികജാതി വിദ്യാർത്ഥികൾക്കും ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ഒ.ഇ.സി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

4168 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പുസ്തക ഗ്രാന്റ്</u>

4169 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' പി. സി. വിഷ്ണുനാഥ്
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ പുസ്തക ഗ്രാന്റിന്റെ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ്</u>

4170 ശ്രീ.വി.പി.സജീന്ദ്രൻ
'' വി. റ്റി. ബൽറാം
'' ഡൊമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ:

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക്</u>
<u>വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

4171 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര പട്ടികജാതി വിഭാഗം കുട്ടികൾക്ക് എന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങളുടെ എത്ര മാസത്തെ, എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഒ .ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പുകൾ

4172 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ. ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാനുള്ള യോഗ്യതയും മാനദണ്ഡവും വിശദീകരിക്കാമോ;

(ബി) ഒ. ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പിന് ന്യൂനപക്ഷ വിഭാഗങ്ങൾ അർഹരല്ലെന്നും അപേക്ഷിക്കേണ്ടതില്ലെന്നും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങളെ നിഷേധിക്കുന്ന ഉത്തരവുകൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ;

(ഡി) ഒ. ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പിനു ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൂടി അപേക്ഷിക്കുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

4173

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള വരുമാന പരിധി ഉയർത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പ്രഭാതഭക്ഷണ പരിപാടി</u>

4174 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനു പുറമേ പ്രഭാത ഭക്ഷണംകൂടി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി

4175 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി.സജീന്ദ്രൻ
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർ പരിശീലന പരിപാടി</u>

4176 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്പ്യൂട്ടർ പരിശീലനത്തിനായി എത്ര തുക പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി;

(ബി) എത്ര കുട്ടികൾക്ക് പരിശീലനം നൽകി; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് തുക നൽകിയിട്ടുള്ളത്; വർഷാടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>എൻട്രൻസ് / സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം</u>

4177 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് നൽകി വരുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന പരിപാടിയിൽ ഈ വർഷം എത്ര പേർ പങ്കെടുത്തു; ജില്ല തിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ; ആയതിൽ എത്ര കുട്ടികൾ യോഗ്യത നേടിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കുട്ടികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നുണ്ടോ; പ്രസ്തുത പരിശീലന കേന്ദ്രത്തിന്റെ പരിശീലന പരിപാടി എപ്രകാരമാണ്; ഇക്കഴിഞ്ഞ പരീക്ഷകളിൽ ഈ സ്ഥാപനത്തിൽ പരിശീലനം ലഭിച്ച എത്ര പേർക്ക് സെലക്ഷൻ ലഭിച്ചു; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പ് വഴി തൊഴിൽ പരിശീലനം</u>

4178 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പുവഴി തൊഴിൽ പരിശീലനത്തിനായി ചെലവഴിച്ച 908.32 ലക്ഷം രൂപാ ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലനത്തിന് നോഡൽ ഏജൻസിയാകാൻ എത്ര സ്ഥാപനങ്ങൾ അപേക്ഷിച്ചിരുന്നു; അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പ് വഴി തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഇത് സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമാണോ വാങ്ങിയതെന്നും ഇതുമായി ബന്ധപ്പെട്ടുളള നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവര്‍ഗ്ഗ കുട്ടികളുടെ സംവരണ സീറ്റുകള്‍ അട്ടിമറിച്ചതിനെക്കുറിച്ച് വിജിലന്‍സ് അന്വേഷണം

4179 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കീര്‍ത്താഡ്സും എന്‍ട്രന്‍സ് കമ്മീഷണര്‍ ഓഫീസും ചേര്‍ന്ന് പട്ടികജാതി - പട്ടികവര്‍ഗ്ഗ കുട്ടികളുടെ സംവരണ സീറ്റുകള്‍ അട്ടിമറിച്ചതായ ആക്ഷേപത്തിന്മേല്‍ വിജിലന്‍സ് അന്വേഷണം നടത്തണമെന്ന് പട്ടികജാതി ഗോത്ര കമ്മീഷന്‍ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കാന്‍ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതി</u>

4180 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതിക്കായുള്ള നോഡൽ ഏജൻസിയായി എൻ.ഐ.ഐ.ടി ബാംഗ്ലൂരിനെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള ഏതെല്ലാം പദ്ധതികൾ പ്രസ്തുത സ്ഥാപനം വഴി നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നോഡൽ ഏജൻസിയെ നിശ്ചയിച്ചതിനുള്ള മാനദണ്ഡവും വ്യക്തമാക്കാമോ ;

(സി) ഇ-ലാബ് പദ്ധതിക്കായി ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ സർക്കാർ പണം ഉപയോഗിച്ച് എൻ.ഐ.ഐ.ടി വാങ്ങിയിട്ടുള്ളത് പർച്ചേസ് റൂൾ പ്രകാരമാണോ; അല്ലെങ്കിൽ ഇതിനുള്ള അനുവാദം എങ്ങനെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്</u>

4181 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടപ്പാക്കിയോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാർക്കുള്ള പുനരധിവാസ പദ്ധതി

4182 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാർക്കുള്ള പുനരധിവാസ പദ്ധതിയിൽ 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർ ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു;

(സി) എത്ര പേർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം പ്രസ്തുത പീരിയഡിൽ ആനുകൂല്യം വിതരണം ചെയ്തത്;

(ഡി) ലഭ്യമായ തുകയിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക പാഴാക്കിയെന്നും വ്യക്തമാക്കാമോ;

(ഇ) തുക പാഴാക്കുവാനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായ പദ്ധതി</u>

4183 ശ്രീ. എം. ചന്ദ്രൻ
,, പുരുഷൻ കടലുണ്ടി
,, ബി. സത്യൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായ പദ്ധതി പ്രകാരം മുൻവർഷം അപേക്ഷിച്ചവർക്കെല്ലാം ധന സഹായം നൽകിയോ; ഇല്ലെങ്കിൽ കാരണമെന്തെന്നും ഇതിനായി എത്ര തുക കൂടി വേണമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷകർക്കും പുതുതായി ഈ വർഷം അപേക്ഷിക്കുന്നവർക്കും വിവാഹ ധനസഹായം യഥാസമയം ലഭ്യമാക്കാനായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; ഇതിനാവശ്യമായ തുക നീക്കിവെച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കൂടി വേണ്ടിവരും;

(സി) വിവാഹ ധനസഹായം ലഭ്യമാക്കാത്തതിനാൽ നിർദ്ധന പട്ടികജാതി യുവതികളുടെ വിവാഹം മുടങ്ങാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം</u>

4184 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) കാൻസർ, ടൂമർ ഓപ്പറേഷൻ, വൃക്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് വകുപ്പ് പരമാവധി എത്ര തുക നൽകാറുണ്ട്;

(സി) ഒരു ലക്ഷത്തിനും അതിനുമുകളിലും ചികിത്സാ ധനസഹായം ലഭിച്ചവരുടെ പേരുവിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഒരു ലക്ഷത്തിന് മുകളിൽ തുക അനുവദിക്കുമ്പോൾ ആയത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സഹായം

4185 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചികിത്സാ സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആക്രമിക്കപ്പെട്ട ദളിത് കുടുംബങ്ങൾക്ക് സഹായം</u>

4186 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ പഞ്ചായത്തിൽ തണ്ണിക്കോണത്ത് അക്രമികൾ തീവെച്ച് നശിപ്പിച്ച രണ്ട് വീടുകളിൽ താമസിച്ചിരുന്ന 4 ദളിത് കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ബന്ധപ്പെട്ട കേസിൽ ഉൾപ്പെട്ട പ്രതികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ജാതികളെ മറ്റർഹ വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി</u>

4187 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്
,, വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ജാതികളെ മറ്റർഹ വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന് ഏതെങ്കിലും കമ്മീഷൻ ശുപാർശയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കമ്മീഷന്റെ മറ്റ് ശുപാർശകൾ എന്തെല്ലാമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളിൽ സംവരണം വേണമെന്ന ശുപാർശയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പെരുമ്പാവൂരിലെ കോസ്റ്റ് ഫോർഡിൽ സ്കിൽ വികസന പരിപാടി</u>

4188

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ കോസ്റ്റ് ഫോർഡിൽ സ്കിൽ വികസനത്തിനായി എത്ര തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം പരിശീലനത്തിന് വിനിയോഗിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത പരിശീലന കാലാവധി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏത് സ്കീം പ്രകാരമാണ് തുക അനുവദിച്ചതെന്നും പ്രസ്തുത സ്കീം പ്രകാരം പരിശീലനം ലഭിച്ചവർക്ക് ഇപ്പോൾ തൊഴിൽ ലഭിച്ചത് എവിടെയൊക്കെയാണെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

4189 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുടെ ഭാഗമായി വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരി
ക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വിനോദ സഞ്ചാരമേഖലയിൽ കേരളത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കോടി രൂപയുടെ മുതൽ മുടക്കാണ് ടൂറിസം മേഖലയിൽ നടത്തിയത്; കണക്കുകൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി</u>

4190 ശ്രീ. സി.എഫ്. തോമസ്
'' തോമസ് ഉണ്ണിയാടൻ
'' റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും 2,3,4, ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ടൂറിസം പാക്കേജുകൾ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ആരംഭിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>വിനോദ സഞ്ചാര വികസനത്തിന് പുതിയ ഡെസ്റ്റിനേഷനുകൾ</u>

4191 ശ്രീ. കെ. അച്ചുതൻ
'' ആർ. സെൽവരാജ്
'' എം. എ. വാഹീദ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വികസനത്തിന് പുതിയ ഡെസ്റ്റിനേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ ആരെയെല്ലാമാണ് പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വികസനത്തിന് കൊമേഴ്സ്യൽ ആന്റ് എന്റർടെയിൻമെന്റ് സെന്റർ</u>

4192 ശ്രീ. അൻവർ സാദത്ത്
,, പാലോട് രവി
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് കൊമേഴ്സ്യൽ ആന്റ് എന്റർടെയിൻമെന്റ് സെന്ററിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിൽ ആരെയൊക്കെയാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ബീച്ച് ടൂറിസം പദ്ധതികൾ</u>

4193

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബീച്ച് ടൂറിസം സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബീച്ചുകളെ കേന്ദ്രീകരിച്ച് വിനോദ സഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനെക്കുറിച്ച് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഈസ്റ്റേൺ കോറിഡോർ എക്കോ - സർക്യൂട്ട് പദ്ധതി

4194 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' എം. ഉമ്മർ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഈസ്റ്റേൺ കോറിഡോർ എക്കോ - സർക്യൂട്ട് പദ്ധതിയിൽ എന്തൊക്കെ വികസനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ പക്ഷി സങ്കേതങ്ങളെ പ്രസ്തുത പദ്ധതിയുമായി ചേർത്ത് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ പക്ഷി സങ്കേതങ്ങളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മുസിരിസ് പൈതൃക പദ്ധതി</u>

4195 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമെന്തെന്നും പ്രോജക്റ്റ് ഏരിയ ഏതെല്ലാമെന്നും വിശദീകരിക്കാമോ;

(ബി) പ്രോജക്റ്റ് ഏരിയായിൽ വിഭാവനം ചെയ്തിരിക്കുന്ന സമഗ്രവികസന പദ്ധതികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞ പ്രദേശങ്ങൾ ഏതൊക്കെയെന്നും ഇതിനായി ഓരോ പ്രദേശത്തും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളാണ് മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സമഗ്രവികസന പദ്ധതികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും, ഇതിനായി ഓരോ പ്രദേശത്തും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>മുസിരിസ് പൈതൃക പദ്ധതി</u>

4196 എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുസിരിസ് പൈതൃക പദ്ധതിക്കായി നിയോഗിച്ചിരുന്ന റിസോഴ്സ് പേഴ്സൺസിനെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെയെന്നും കാരണമെന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സൗഹൃദഗ്രാമം ടൂറിസം പദ്ധതി</u>

4197 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 'സൗഹൃദഗ്രാമം' ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സ്പൈസ് റൂട്ട് സർക്യൂട്ട് പ്രോജക്ട്</u>

4198 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള മലബാർ മേഖലയിലെ സ്പൈസ് റൂട്ട് സർക്യൂട്ട് പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപിച്ച പന്തലായനി സ്പൈസ് റൂട്ട് പദ്ധതി പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സീ പ്ലെയിൻ പദ്ധതിക്കായി പവർഹാൻസ് ഹെലികോപ്റ്റേഴ്സ്</u>

T-4199 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പവർഹാൻസ് ഹെലികോപ്റ്റേഴ്സ് കമ്പനി വക വിമാനങ്ങൾ അപകടത്തിൽ പെട്ട് പ്രമുഖ വ്യക്തികൾ മരണമടഞ്ഞിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർണ്ണാടകയിൽ പ്രസ്തുത കമ്പനി വക വിമാനത്തിൽ സഞ്ചരിച്ച സിനിമാതാരമുൾപ്പെടെയുള്ളവർ അപകടത്തിൽ മരണപ്പെട്ടത് അറിയാമോ;

(സി) തുടർന്ന് കരിമ്പട്ടികയിലായ പ്രസ്തുത കമ്പനിയെ സീപ്ലെയിൻ പദ്ധതിക്കായി പഠനം നടത്തുവാനും അവരുടെ ഒറ്റ എൻജിൻ വിമാനങ്ങൾ പറത്താൻ അനുമതി നല്കുകയും ചെയ്തത് സംശയാസ്പദമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സീപ്ലെയിൻ സർവ്വീസിനെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിട യിൽ ഉടലെടുത്തിട്ടുള്ള ആശങ്ക</u>

4200 ശ്രീ. ജി. സുധാകരൻ
'' എസ്. ശർമ്മ
'' ബി.ഡി. ദേവസ്സി
'' പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സീപ്ലെയിൻ സർവ്വീസിനു വേണ്ടി ഏതെല്ലാം ജലാശയങ്ങളിലാണ് ഡ്രോമുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും നിർദ്ദിഷ്ട റൂട്ടിലെ സീപ്ലെയിൻ സർവ്വീസ് മൂലം മത്സ്യ സമ്പത്തിനും മത്സ്യബന്ധനത്തിനും ജലാശയത്തിന്റെ ആവാസവ്യവസ്ഥയ്ക്കും എന്തെല്ലാം ഭീഷണികൾ ഉയർത്തുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തീരദേശ ലൈഫ് ഗാർഡുകൾ</u>

4201 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സേവനമനുഷ്ഠിക്കുന്ന തീരദേശ ലൈഫ് ഗാർഡുകളെ സംബന്ധിക്കുന്ന വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ പത്ത് വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചവരുടെ എണ്ണമെത്രയാണ്;

(സി) ഇവരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഇത്തരം ലൈഫ് ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ;

(ഇ) അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള തീരദേശ ലൈഫ് ഗാർഡുകളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്ക് സ്റ്റാർ പദവി</u>

4202 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾക്ക് സ്റ്റാർ പദവി നൽകുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിന് എന്തെങ്കിലും അധികാരങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഓരോ സ്റ്റാർ പദവി നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടാണ് സ്റ്റാർ പദവി നൽകുന്നത് എന്ന് ഉറപ്പ് വരുത്താൻ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>നിള ടൂറിസം പ്രോജക്ട്</u>

4203

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ നിള ടൂറിസം പ്രോജക്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചത്;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയത്;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്ത്;

(ഡി) നിള ടൂറിസം പ്രോജക്ടിന്റെ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തലശ്ശേരി പൈതൃക വിനോദസഞ്ചാര പദ്ധതി</u>

4204 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, റ്റി. വി. രാജേഷ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ ടൂറിസം വികസനത്തിനായി മുൻ സർക്കാർ ആവിഷ്കരിച്ച തലശ്ശേരി പൈതൃക വിനോദ സഞ്ചാര പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിച്ചെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകപ്പെട്ട ഏതെല്ലാം ഏജൻസി വഴിയുള്ള എത്ര പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ബാക്കി നിൽപുണ്ട്?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ജി.കെ.എസ്.എഫ്. പദ്ധതി</u>

4205 ശ്രീ. പാലോട് രവി
,, എ.പി. അബ്ദുള്ളക്കുട്ടി
,, എം.പി. വിൻസെന്റ്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് ജി.കെ.എസ്.എഫ്. വിപുലമാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിൽ ആരെയെല്ലാമാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

കൽപ്പറ്റയിലെ വിനോദ സഞ്ചാര വികസന പദ്ധതികൾ

4206

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കൽപറ്റ നിയോജകമണ്ഡലത്തിൽ പരിഗണനയിലുള്ള വിനോദ സഞ്ചാര വികസന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദ സഞ്ചാര വികസന പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റമണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികളും അവയ്ക്കായി വകയിരുത്തിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തുമ്പൂർമുഴിയും, ഏഴാറ്റുമുഖവും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലം</u>

4207 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴിയും, ഏഴാറ്റുമുഖവും തമ്മിൽ ബന്ധിപ്പിക്കുന്നതും മേഖലയിലെ ടൂറിസം വികസനത്തിന് സഹായകരവുമായ തൂക്കുപാലം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പുന്നമടക്കായലിൽ വള്ളം മറിഞ്ഞ് ഉണ്ടായ അപകടം</u>

4208 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നമടക്കായലിൽ വള്ളം മറിഞ്ഞ് 11.06.2013-ൽ രണ്ട് ആന്ധ്രാ സ്വദേശികൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപകടകാരണം വിശദമാക്കാമോ;

(ബി) 'ശിക്കാര' എന്ന ചെറുവള്ളങ്ങൾ വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്നതിന് ടൂറിസം വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇത്തരം വള്ളങ്ങളിൽ കൂടുതൽ യാത്രക്കാരെ യാതൊരുവിധ സുരക്ഷാസംവിധാനവും ഇല്ലാതെ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം വള്ളങ്ങളെ നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക്</u>

4209 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പാർക്കിനു സമീപം സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ പാർക്കിന്റെ പണി പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നു കൊടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന്റെ പൂർത്തീകരണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ഡി.റ്റി.പി.സി യുടെ കീഴിലുള്ള ജീവനക്കാർ</u>

4210 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി പ്രവർത്തനം ആരംഭിച്ചത് എപ്പോൾ മുതലാണ്;

(ബി) ഡി.റ്റി.പി.സി യുടെ കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഡി.റ്റി.പി.സി യുടെ കീഴിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; ഇവർ ജോയിൻ ചെയ്ത തീയതി, തസ്തികയുടെ പേര്, ശമ്പളം ഇവ വിശദമാക്കാമോ;

(സി) ഡി.റ്റി.പി.സി യുടെ കീഴിൽ താൽക്കാലിക / കരാർ / ദിവസ വേതന ജീവനക്കാർ എത്ര പേരാണ് ഉള്ളത്; ഇവർ ഏത് വർഷം മുതൽ ജോലി ചെയ്തു വരുന്നുവെന്നും, ജോലി ചെയ്യുന്നവരുടെ പേരും, ജോലിക്ക് നിയോഗിച്ച തീയതിയും, തസ്തികയും വിശദമാക്കാമോ;

(ഡി) ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ, എസ്. സി വിഭാഗത്തിൽ പെട്ടവർ എത്ര വീതമെന്നു വ്യക്തമാക്കാമോ;

(ഇ) ഇവരെ നിയോഗിച്ചിരിക്കുന്ന ജോലിയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, ശമ്പളം, അത് കൺസോളിഡേറ്റഡ് ശമ്പളമാണോയെന്നും വ്യക്തമാക്കാമോ;

(എഫ്) തിരുവന്തപുരം ഡി.റ്റി.പി.സി യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ 2011-12 വർഷത്തെ വരവ് - ചെലവ് എത്രയാണ്; പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 17.

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]